

# Smart money

**ഡോ. കൊച്ചുറാണി ജോസഫ്**

---

drkochurani@gmail.com

## വീട്ടുമുറ്റത്ത് ഒരു ബാങ്ക്

രാജിക്ക് എന്നും സാമ്പത്തികബുദ്ധിമുട്ടാണ്. പണം ഒരിക്കലും ഒന്നിനും തികയാത്ത അവസ്ഥ. സുഹൃത്തുക്കളിൽനിന്നും ബന്ധുക്കളിൽനിന്നും എപ്പോഴും കടമായോ, മറ്റേതെങ്കിലും രീതിയിലോ പണം സംഘടിപ്പിക്കും. മറ്റുള്ളവരുടെ കൈയ്യിൽ ഒക്കെ ധാരാളം പണമുണ്ട്, തനിക്ക് മാത്രം ഇല്ലാ എന്ന ചിന്തയാണ് എപ്പോഴും . മറ്റുള്ളവർ തന്നെ അറിഞ്ഞ് സഹായിക്കുന്നില്ല എന്നതാണ് അവളുടെ മുഖ്യപരാതിയും. മിക്കവാറും സന്ദർഭങ്ങളിൽ അവൾക്ക് പണം നൽകുന്നത് സുഹൃത്തും അകന്ന ബന്ധുവുമായ ദേവിയാണ്. ദേവി അയൽകൂട്ടത്തിലെ അംഗമാണ്. ആഴ്ചയിൽ ഒരു ദിവസം വീട്ടുമുറ്റത്ത് കൂടുന്ന ഇവരുടെ അയൽകൂട്ടത്തിൽ ഇരുപത് അംഗങ്ങളുണ്ട്. എല്ലാവരും ആഴ്ചയിൽ 100 രൂപ വീതം അടക്കുന്നു. കൂടാതെ സംഘത്തിൽനിന്ന് വായ്പയെടുത്തവർ കൂടുതൽ തുക അടക്കുന്നു. മാത്രവുമല്ല ചെറിയ ബിസിനസ്സ് സംരംഭങ്ങളും ഇവർ നടത്തുന്നു. അംഗങ്ങളുടെ കൈയ്യിൽ എപ്പോഴും ദൈനംദിന ആവശ്യത്തിന് പണമുണ്ടാക്കാൻ ശ്രദ്ധിക്കുന്നു.

ചെറുസമ്പാദ്യങ്ങളെ വലിയ നിക്ഷേപമാക്കാനും അതുവഴി ജീവിതം മെച്ചപ്പെടുത്താനും സഹായിക്കുന്ന മാധ്യമമാണ് അയൽകൂട്ടങ്ങൾ. സ്ത്രീകളിലൂടെ കുടുബവും കുടുംബങ്ങളിലൂടെ സമൂഹവും എന്ന ആപ്തവാക്യത്തിലൂന്നിയാണ് കുടുംബശ്രീ വിവിധ കർമപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. **''വീട്ടുമുറ്റത്ത് ഒരു ബാങ്ക്''**എന്ന് വിളിക്കാനുതകുന്നതരം വളർച്ച പ്രാപിച്ചതുമാണ് പല അയൽക്കൂട്ടങ്ങളും. പല സ്ത്രീകളും ചെക്കുബുക്കും പാസ് ബുക്കും ആദ്യമായി കാണുന്നതും കൈകാര്യം ചെയ്യുന്നതും ഇതിൽ അംഗമായതിനുശേഷമാണ്. അടുക്കളദാരിദ്ര്യം ലഘൂകരിക്കുന്നതിനു പുറമെ, വ്യക്തിത്വവികസനത്തിനും സ്വയം തൊഴിൽ കണ്ടെത്താനും നല്ല സംരംഭകരാകുവാനും ഇവ സഹായിക്കുന്നു. വീട്ടുമുറ്റത്ത് കൂടിയ ഗ്രൂപ്പിൽ ഒരു സ്വാഗതപ്രസംഗം പോലും പറയാൻ കഴിവില്ലാതിരുന്ന അവസ്ഥയിൽനിന്ന് ജില്ലാപഞ്ചായത്തിന്റെ സാരഥ്യം ഏറ്റെടുക്കുന്നവിധം രാഷ്ട്രീയ,സാമൂഹ്യരംഗത്ത് നേതൃത്വനിരയിലേക്ക് വളർന്നവർ നിരവധിയുണ്ട്.

മൈക്രോഫിനാൻസ് രംഗത്ത് ശ്രദ്ധേയകരമായ സംഭാവനകൾ നൽകി നോബൽസമ്മാനം ലഭിച്ച സാമ്പത്തികശാസ്ത്രജ്ഞനാണ് മുഹമ്മദ് യൂനസ്. അദ്ദേഹം നേതൃത്വം കൊടുത്ത ബംഗ്ളാദേശിലെ ഗ്രാമീൺ ബാങ്കിന്റെ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഏതൊരു രാജ്യത്തിന്റെയും സാമ്പത്തികപുരോഗതിയുടെ ഒരു മാനദണ്ഡം അവിടുത്തെ ജനങ്ങളുടെ ബാങ്കിംഗ് ഹാബിറ്റാണ്. എല്ലാവർക്കും ബാങ്ക് അക്കൗണ്ട് ഉള്ള അവസ്ഥ വികസനത്തിന്റെ ഒരു സൂചികയാണ്. ഇവിടെയാണ് അനൗപചാരികബാങ്കിംഗ് സംവിധാനങ്ങളുടെ പ്രസക്തി. ഇവ തുടങ്ങുവാൻ എളുപ്പമാണെങ്കിലും ദേശസാൽകൃത ബാങ്കുകൾ, വാണിജ്യബാങ്കുകൾ, നബാർഡ് തുടങ്ങിയ ഔപചാരികബാങ്കിംഗ് സംവിധാനങ്ങളുമായി അയൽകൂട്ടങ്ങൾ ബന്ധിപ്പിക്കപ്പെടുമ്പോഴാണ് കൂടുതൽ ചലനാന്മമകമാവുന്നത്.

ലോൺ കിട്ടാൻ വേണ്ടിമാത്രം ഇതുപോലുള്ള സംഘങ്ങളിൽ അംഗമാകുന്നവരുണ്ട്. പലരും ആദ്യലോൺ എടുത്തത് കൊള്ളപലിശക്കാരുടെ കൈയ്യിൽ പണയത്തിലിരുന്ന സ്വർണം തിരിച്ചെടുക്കാനായിരുന്നു. പിന്നീട് പല അവസരങ്ങളിൽ വിവിധ കാരണങ്ങൾക്കായി അയൽകൂട്ടത്തിൽനിന്ന് വായ്പ എടുത്ത് കടക്കെണിയിലായവരും ധാരാളമുണ്ട്. കടമെടുക്കുന്നത് ഉൽപാദനപരമായ കാര്യങ്ങൾക്കായിരിക്കണം. മക്കളുടെ വിദ്യാഭ്യസം, സ്വയം തൊഴിൽ, ചികിൽസ, വസ്തു, വീട് മുതലായവ മേടിക്കുന്ന ചിലവിന്റെ ഒരു വീതം എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. അയൽ കൂട്ടത്തിൽനിന്ന് വായ്പ കിട്ടുന്നതുമൂലം ആവശ്യമല്ലാത്ത ധാരാളം ഗ്രഹോപകരണങ്ങൾ വാങ്ങികൂട്ടുന്നവരും ഉണ്ട്. പല വിതരണകമ്പനികളും തങ്ങളുടെ വസ്തുക്കൾ വിറ്റഴിക്കാനുള്ള കമ്പോളമായിട്ടാണ് അയൽകൂട്ടങ്ങളെ കാണുന്നത്. അതിനെതിരെ അംഗങ്ങൾ ജാഗരൂകരാവണം. അല്ലായെങ്കിൽ നമ്മുടെ കുടുംബബജറ്റിന്റെ താളം പിഴക്കും.

സർക്കാതിര സന്നദ്ധസംഘടനകൾ നേതൃത്വം കൊടുക്കുന്ന സ്വയം സഹായസംഘങ്ങൾ ഈ രംഗത്ത് അതിശയകരമായ സംഭാവനകളാണ് നൽകുന്നത്. അവ സ്വതന്ത്രമായും സർക്കാർ സംവിധാനങ്ങളോട് ചേർന്നും പ്രവർത്തിക്കുന്നു. പലപ്രദേശങ്ങളുടേയും സംഘടിതമായ വളർച്ചയിലും സുസ്ഥിരവികസനത്തിനും ഇവ ഗണ്യമായ പങ്ക് വഹിക്കുന്നു. പുരുഷന്മാർക്കും കുട്ടികൾക്കും ഉള്ള സംഘങ്ങളും ഈ രംഗത്ത് പ്രവർത്തിക്കുന്നു. അംഗങ്ങളുടെ മക്കൾക്ക് എഞ്ചിനീയറിംഗ്, എംബിഎ തുടങ്ങിയവ പഠിക്കാനായി പലിശരഹിതവായ്പയും മറ്റ് സബ്സിഡികളും നൽകുന്ന സ്വയംസഹായസംഘങ്ങളും ഉണ്ട്.

സാമ്പത്തികവളർച്ചയുടെ അടിസ്ഥാനത്തിൽ ലോകരാഷ്ട്രങ്ങളെ ഇന്ന് വികസിതമെന്നും വികസ്വരമെന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു. വികസിതരാഷ്ട്രങ്ങൾ അവയുടെ വികസനം നിലനിർത്താൻ ശ്രമിക്കുമ്പോൾ വികസ്വരരാഷ്ട്രങ്ങൾ വികസിതസൂചികയിലേക്ക് വളരാൻ പരിശ്രമിക്കുന്നു. അതിലേക്കുള്ള മാർഗമായി അയൽക്കൂട്ടങ്ങളെ പരിഗണിക്കാനാവും. സ്വയം സഹായസംഘങ്ങൾ എന്ന പേരിന് അന്വർത്ഥമാക്കുവിധം അവരുടെ ജീവിതത്തിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റടുത്ത് വളരാൻ ശ്രമിക്കുമ്പോൾ കൂടെയുള്ളവരെയും വളർത്തുന്ന പരസഹായസംഘങ്ങളായി മാറുന്നു. ഈ ഒരു നവീനസംസ്കൃതിയാണ് തൊഴിൽ രംഗത്ത് ഉണ്ടാകേണ്ടത്. അതിന് സംസ്കാരം നമ്മളെ ഭരിക്കുകയല്ല, നമ്മൾ സംസ്കാരത്തെ സൃഷ്ടിക്കുകയാണ് വേണ്ടത്. കാരണം ചിലർ വിജയം സ്വപ്നം കാണുന്നു. മറ്റ് ചിലർ ഉണർന്നിരുന്ന് അതിനു വേണ്ടി പരിശ്രമിക്കുന്നു.

.